കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - കട്ടപ്പന ഗ്രാമ പഞ്ചായത്ത് - വസ്തു തർക്കം പരിഹരിക്കുന്നതിനായി കോംപ്രമൈസ് പെറ്റീഷൻ ഫയൽചെയ്യുന്നതിനും മിനി സിവിൽസ്റ്റേഷന് ഭൂമി വിട്ടുകൊടുക്കുന്നതിനുമുള്ള പഞ്ചായത്ത് തീരുമാനങ്ങൾക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി.)വകുപ്പ്

സഉ(സാധാ)നം.603/2013/തസ്വഭവ തീയതി, തിരുവനന്തപുരം,8/3/2013

---

പരാമർശം 1)കട്ടപ്പന ഗ്രാമപഞ്ചായത്തിന്റെ 5/6/2012 ലെ 1(1), 27/7/2012 ലെ 5(1) നമ്പർ തീരുമാനങ്ങൾ.
2)കട്ടപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 1/10/2012 ലെ എ 3-7612/2012 നമ്പർ കത്ത്.
3)കട്ടപ്പന വില്ലേജ് ഓഫീസറുടെ 30/6/2012 ലെ 237/12 നമ്പർ കത്ത്
4)പഞ്ചായത്ത് ഡയറക്ടറുടെ 4/2/2013 ലെ സി2-29616/2012 നമ്പർ കത്ത്

ഉത്തരവ്

കട്ടപ്പന ഗ്രാമ പഞ്ചായത്തിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇരുപതോളം സർക്കാർ വകുപ്പുകളുടെ ഓഫീസുകൾക്കാവശ്യമായ സൌകര്യങ്ങൾ ലഭ്യമാക്കുന്നതിന് 2011/2012 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കട്ടപ്പന മിനിസിവിൽ സ്റ്റേഷൻ മന്ദിരനിർമ്മാണം ഉൾപ്പെടുത്തുകയും ആയതിലേക്കായി 5 കോടി രൂപ വകയിരുത്തി ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കുന്നത് പരിഗണിച്ച ഗ്രാമപഞ്ചായത്ത് കമ്മിറ്റി, ഐടിഐ ജംഗ്ഷൻ ഭാഗത്ത് 15/5/2000 ൽ ഗ്രാമപഞ്ചായത്തിന് ശ്രീ.അഗസ്റ്റി S/O മത്തായി, പൂതക്കുഴിയിൽ എന്നയാൾ ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് റിലിങ്കിഷ് ചെയ്ത് നല്കിയതും ബസ് സ്റ്റാന്റ് മറ്റൊരു സ്ഥലത്ത് സ്ഥാപിച്ചതുമൂലം തരിശ്ശായി കിടക്കുന്നതുമായ കട്ടപ്പന വില്ലേജ് ബ്ളോക്ക് 60, സർവെ 1/1(റിസ 185/1) ൽപ്പെട്ടതും തണ്ടപ്പേർ 1889 ൽക്കൊണ്ടതുമായ 1.70 ഏക്കർ വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കട്ടപ്പന സബ്കോടതിയിലെ ഒ.എസ്. നമ്പർ 225/11, 226/11, 227/11 കേസുകൾ വ്യവസ്ഥകൾ പ്രകാരം ഒത്തുതീർക്കുന്നതിന് കോംപ്രമൈസ് പെറ്റീഷൻ ഫയൽചെയ്യുന്നതിനും പഞ്ചായത്തിനെ പ്രതിയാക്കി ടി കേസുകൾ നല്കിയിട്ടുള്ള ശ്രീ.അഗസ്റ്റിയുടെ മക്കളായ ശ്രീ.ജോസ്,ശ്രീ.റജി,ശ്രീ.സുനിൽ എന്നിവരുമായുള്ള ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം ടി 1.70 ഏക്കറിൽ നിന്നും 75.46 സെന്റും മിനി ബസ്സ് സ്റ്റാന്റിനായി 14.54 സെന്റുമുൾപ്പടെ മൊത്തം 90 സെന്റ് സ്വീകരിക്കുന്നതിനും ടി 75.46 സെന്റ് മിനിസിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി.

ടി പഞ്ചായത്തിൽ പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ നിർമ്മാണത്തിനായി ശ്രീ.അഗസ്റ്റി 2000-ൽ സർക്കാരിലേക്ക് റിലിങ്കിഷ് ചെയ്ത ടി 1.70 ഏക്കർ സ്ഥലം 1998 ൽ അദ്ദേഹത്തിന്റെ പിതാവ് ശ്രീ.മത്തായി, പൂതക്കുഴിയിൽ എന്നയാൾ പൌത്രന്മാരും ശ്രീ.അഗസ്റ്റിയുടെ മക്കളുമായ ശ്രീ.ജോസ്,ശ്രീ.റെജി,ശ്രീ.സുനിൽ എന്നിവർക്ക് കട്ടപ്പന എസ്.ആർ.ഒ. യിലെ 1825/98, 1826/98, 1831/98 നമ്പർ ധനനിശ്ചയാധാരങ്ങൾ പ്രകാരം നല്കിയതായിരുന്നുവെന്നും ആയത് ഗ്രാമപഞ്ചായത്തിന് റിലിങ്കിഷ് ചെയ്യുന്നതിന് ടിയാന് അധികാരമില്ലായിരുന്നുവെന്ന് പരാമർശം(4) പ്രകാരം പഞ്ചായത്ത് ഡയറക്ടറും സ്ഥലം റിലിങ്കിഷ് ചെയ്ത് നല്കിയിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്നും

ഗ്രാമപഞ്ചായത്തിന്റെ പേരിലേക്ക് പോക്കുവരവ് ചെയ്തിട്ടില്ലെന്നും കട്ടപ്പന വില്ലേജ് ഓഫീസർ പരാമർശം (3) പ്രകാരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കട്ടപ്പന ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി പഞ്ചായത്തിന് വിട്ടുനല്കിയ സ്ഥലത്തെ സംബന്ധിച്ച് കക്ഷികളുമായി ഉണ്ടാക്കിയ ധാരണ പ്രകാരം പ്രവർത്തിക്കുന്നതിന് നിയമതടസ്സമില്ലാത്ത സാഹചര്യത്തിൽ വസ്തുവിന്റെ ടൈറ്റിലിനെപ്പറ്റിയുള്ള അഭിപ്രായത്തിന് പ്രസക്തിയില്ല. ഈ സാഹചര്യത്തിൽ പരാമർശവിധേയമായ 90 സെന്റ് സ്വീകരിച്ചുകൊണ്ട് ശ്രീ.ജോസ്, ശ്രീ.റെജി, ശ്രീ.സുനിൽ എന്നിവർ പഞ്ചായത്തിനെ പ്രതിയാക്കി ഫയൽചെയ്തിരിക്കുന്ന ഒ എസ് നമ്പർ 225/11, 226/11, 227/11 കേസുകൾ ഒത്തുതീർപ്പാക്കുന്നതിന് കോംപ്രമൈസ് പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും അപ്രകാരം ലഭിക്കുന്ന 90 സെന്റ് സ്ഥലത്തിൽ നിന്നും 75.46 സെന്റ് സ്ഥലം മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കുന്നതിനുമുള്ള ഗ്രാമ പഞ്ചായത്ത് തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് കട്ടപ്പന ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം ജില്ല
ഡയറക്ടർ, ലോക്കൽഫണ്ട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ഓഡിറ്റ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എൽബിഎ&എ) തിരുവനന്തപുരം
പ്രസിഡന്റ് /സെക്രട്ടറി, കട്ടപ്പന ഗ്രാമ പഞ്ചായത്ത്, കട്ടപ്പന പി.ഒ., പിൻ 695508
ഇൻഫർമേഷൻ കേരളാമിഷൻ(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ